# അണിമ

ഡിജിറ്റൽ മാഗസിൻ

ലിറ്റിൽ കൈറ്റ്സ്

ഗവ.ജി.എച്ച്.എസ്.എസ്.തണ്ണീർമുക്കം

**2018-19**



2018 -2019   അധ്യാനവർഷത്തിൽ  ലിറ്റൽകൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഗവ.ജി.എച്ച്.തണ്ണീർമുക്കം സ്കൂൾ

'അണിമ'എന്ന ഡിജിറ്റൽ മാഗസിൻ അവതരിപ്പിക്കുന്നു.'അറിവ്' ഒരിക്കലും നമ്മെ തേടിവരില്ല നാം അതിനെ തേടി പോവണം അതിന് ഒരേഒരു വഴി വായിക്കുക മാത്രമാണ് വായനനമ്മുടെ ആരോഗ്യത്തിനും ബുദ്ധി ക്കും ഒരുമരുന്നുകൂടിയാണ്.വായനയുടെ തലങ്ങൾ മാറിവരുകയാണ്.നവയുഗത്തിൽ; കമ്പ്യൂട്ടർ  യുഗത്തിൽ ദൃശ്യമാധ്യമങ്ങളുടെ അതി പ്രസരത്തിൽ വായന ഇല്ലാതായെന്ന് വിലപിക്കാതെ കമ്പ്യൂട്ടർ സാങ്കേതികവിദ്യയെ വായനയുടെ അനന്ത സാധ്യത യിലേക്ക് കണ്ണിചേർക്കുന്നതാണ് ഡിജിറ്റൽ മാഗസിന്റെ പ്രസക്തി.വായനയുടെ പുത്തൻ ലോകത്തേക്ക് എല്ലാ കൂട്ടുകാരെയും ഞങ്ങൾ  ക്ഷണിക്കുന്നു



CHIEF EDITOR




EDITOR

# EDITORIAL BORD










# ആശംസ

തണ്ണീരർമുക്കം ഗവണമെന്റ് ഹയർ സെക്കന്ററി സ്കൂൾ ലിറ്റൽ കൈറ്റ്സിന്റ അഭിമുഖ്യത്തിൽ അണിമ എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാകുന്നു എന്നു അറിയുന്നതിൽ സതോഷി ഷിക്കുന്നു. നമ്മുടെ കൗമരത്തിൻ തുടിപ്പുകൾ ഹൃദയംഗമായി ചിത്രികർക്കരിക്കുന്നതിലുള്ള ശ്രമം അഭി നന്ദനിയംമാണ് .അവരുടെ സർഗ്ഗാത്മ വാസനകളുടെ പരിപോഷിപ്പിക്കുന്നത്തിനു ഇത് സഹായകമായി തീരും. ആധുനികസാങ്കേതികതളുടെ വിപുലമായ സാധ്യതകൾ ഇപ്രകാരം ഉപകാരപ്പെടുത്തുന്ന അധ്യാപകരേയും കുട്ടികളെയും ഹൃദയഗമമായി ആശംസസികുന്നു. നമ്മുടെ കുട്ടികൾ അറിവിന്റെ പുതിയ ചക്രവാളങ്ങൾ തേടി പറന്നു ഉയരുകയാകയാണ് അവരുടെ ആകാശഗമനം സുഖകരമായി രികട്ടെ എന്ന് ഒരിക്കൽ കുടി അശംസിക്കുന്നു.



ഡോ;ജോർജ്ഓണക്കൂർ

# ആശംസ

പൊതു വിദ്യാഭ്യസ സംരക്ഷണത്തിന്റെ ഭാഗമായി ഹൈസ്ക്കുളിൽ നടപ്പിലാക്കിയ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനം മുന്നോട്ടു പോകുകയാണ് അതിനു തെളിവാണ് 'അണിമ' എന്ന ഡിജിറ്റൽ മാഗസിൻ. ഇതിന്റെ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങായ ലിറ്റൽ കൈറ്റ്സ് അദ്ധ്യാപകരെയും കുട്ടികളെയും അഭിനതിന്ദിക്കുന്നു .ഇത്തരത്തിൽ സർഗാത്മകവും ക്രിയാത്മകവും ആയ പ്രവർത്തനങ്ങൾ നടത്താൻ തണ്ണീർമുക്കം സ്കൂളിനു കഴിയട്ടെ എന്ന് അശംസിക്കുന്നു



ഹെഡ്മിസ്ട്രസ്
തണ്ണീരർമുക്കം

## വിദ്യാലയ ചരിത്രം

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ പ്രകൃതി സൗന്ദര്യം കൊണ്ടും സംസ്കാര
സമ്പന്നത കൊണ്ടും പ്രസിദ്ധമായ തണ്ണീർമുക്കം
ഗ്രാമപഞ്ചായത്തിലെ പ്രീ .പ്രൈമറി
തലം  മുതൽ ഹയർ സെക്കന്ററി തലം വരെ ഒരു കുടക്കീഴിൽ പ്രവർത്തിച്ചു വരുന്ന
ഏക സർക്കാർ വിദ്യാലയമാണ് തണ്ണീർമുക്കം ഗവ ;ഹയർ സെക്കന്ററി സ്കൂൾ .
**1885** ൽ ചെറിയ ഒരു കുടിപ്പള്ളികൂടമായി തുടങ്ങി പിന്നീട് **L .P ,U .P** 'എന്നിവ
സ്വാതന്ത്ര്യ ലബ്ധിക്ക് മുൻപ് തന്നെ ഹൈ സ്കൂൾ പദവിയിലേക്ക് ഉയർന്ന
ചുരുക്കം ചില വിദ്യാലയങ്ങളിൽ ഒന്നാണ് ഈ സ്കൂൾ .ഒരേക്കർ അറുപത്
സെന്ററിൽ ഇ സ്കൂൾ സ്ഥിതി ചെയുന്നു .**1942** -ൽ എലിമെന്ററി സ്ക്കൂളായും **1952** -ൽ
അപ്പർ പ്രൈമറി സ്കൂളായും **1983** -ൽ ഹൈ സ്കൂളായും **2004** -ൽ ഹയർ സെക്കന്ററി സ്കൂളായും
ഈ മുത്തശ്ശി സ്കൂൾ ഉയർത്തപ്പെട്ടു .നിലവിലെ കണക്കനുസരിച്ചു ഈ സ്കൂളിൽ
**LKG** മുതൽ പത്താം ക്ലാസ് വരെ **215** കുട്ടികളും പ്രധാനാദ്ധ്യാപികയടക്കം
**12** സ്ഥിരം അദ്ധ്യാപകരും **2** താത്കാലിക അദ്ധ്യാപകരും പി.ടി.എ).നിയമിച്ച നാല് താത്കാലിക
അദ്ധ്യാപകരും ഓഫീസ് അംഗങ്ങളായി **5** പേരും ജോലി ചെയ്യുന്നു.
ഏകദേശം **140** വർഷമായി തണ്ണീർമുക്കത്തെ കയർ മേഖലയിലും മത്സ്യ ബന്ധന മേഖലയിലെയും

തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനും ഈ
വിദ്യാലയത്തെ ആശ്രയിച്ചു വരുന്നു .
പ്രസിദ്ധരും പണ്ഡിതരുമായ വ്യക്തികളെ സമൂഹത്തിന് കാഴ്ച
വക്കുവാൻ ഈ
വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്





# സമ്മാനം

നേരം പുലർന്നു .മീനൂട്ടി മുത്തശ്ശിയുടെ കൂടെ
അമ്പലത്തിലേക്ക് പോകാനിറങ്ങുകയാണ് .
'മോളെ നന്നായി പ്രാർത്ഥിച്ചിട്ടു വരണേ 'അടുക്കളയിൽ
നിന്ന് 'അമ്മ വിളിച്ചു പറഞ്ഞു .
ഇന്ന് മീനൂട്ടിയുടെ പ്ലസ് ടൂ പരീക്ഷയുടെ റിസൾട്ട്
വരികയാണ് .വളരെയധികം
പ്രേതീക്ഷയുള്ള കൂട്ടിയാണ് മീനുട്ടി .മീനൂട്ടി അമ്പലത്തിൽ
നിന്നെത്തിയത് പ്ലസ് ടു
വിന്റെ റിസൾട്ടുമായാണ് .അവൾക്ക് എല്ലാ വിഷയത്തിനും എ പ്ലസ്
ലഭിച്ചിരുന്നു .വീട്ടിലും
നാട്ടിലും ആഘോഷങ്ങൾ .എന്നാൽ മീനൂട്ടി മാത്രം സങ്കടത്തിലാണ് .പ്ലസ് ടു
പരീക്ഷ കഴിഞ്ഞപ്പോഴേ അവൾ അച്ഛനോട് ഒരു മൊബൈൽ ഫോൺ
മേടിച്ചു തരാൻ
ആവശ്യപ്പെട്ടതാണ് .എന്നാൽ അച്ഛൻ അത് നൽകിയില്ല .മീനൂട്ടി യുടെ അച്ഛൻ
വാസുദേവൻ ഒരു പോസ്റ്റുമാൻ ആണ് .'അമ്മ സുമതി ഒരു വീട്ടമ്മയും
.മീനൂട്ടി പത്താം ക്ലാസ്സിൽ വളരെയധികം
വാങ്ങി പാസ്സ് ആയിരുന്നു .അന്നും അവൾ അച്ഛനോട് ഒരു മൊബൈൽ
ഫോൺ ആവശ്യപ്പെട്ടു .അന്നും അച്ഛൻ അത് നൽകിയില്ല .എന്നാൽ ഇന്ന്
മീനൂട്ടി ശരിക്കും വാശിയിലാണ് .നാട്ടിലെയും വീട്ടിലെയും ആഘോഷങ്ങൾ
കഴിഞ്ഞപ്പോൾ അച്ഛൻ വീട്ടിലേക്ക് വന്നു .അപ്പോൾ.അമ്മ സുമതി
വളരെയധികം
വിഭവങ്ങൾ ഒരുക്കി കാത്തിരിക്കുകയായിരുന്നു .അച്ഛൻ വന്നയുടനെ
സുമതിയെ വിളിച്ചു.'സുമതി എന്റെ മിടുക്കി കൂട്ടിയെവിടെ 'സുമതി
വിളികേട്ടുകൊണ്ട്
അടുക്കളയിൽ നിന്ന് വന്നു 'അവൾ അകത്തു കിടക്കുവാ പരിഭവം
പറഞ്ഞുകൊണ്ട് '
അച്ഛൻ മീനുട്ടിയുടെ മുറിയിലേക്ക് ചെന്നു .'എന്തിനാ എന്റെ കൂട്ടി
വിഷമിക്കുന്നത് '
മീനൂട്ടി പരിഭവിച്ചുകൊണ്ട് അച്ഛനോട് പറഞ്ഞു .'അച്ഛൻ ഒന്നും പറയണ്ട
ഞാൻ
എത്ര നാൾ ആയി പറയണേ ഒരു ഫോൺ മേടിച്ചു തരാൻ .
നിങ്ങൾക്ക് ആർക്കും എന്നോട് ഒരു സ്നേഹവും ഇല്ല എന്നോട് ആരും
മിണ്ടണ്ടാ 'അച്ഛൻ കയ്യിൽ ഇരുന്ന സഞ്ചിയിൽ നിന്ന് ഒരു കവർ



എടുത്ത് മീനുട്ടിയോട് പറഞ്ഞു
'ഇതിനാണോ എന്റെ മോൾ
കരയണേ '
മീനൂട്ടി തിരിഞ്ഞു നോക്കി
.അച്ഛന്റെ കയ്യിലിത തന്റെ
കൂട്ടുകാരികളുടെ
കയ്യിൽ കണ്ടതു പോലെ തന്നെ
ഉള്ളൊരു മൊബൈൽ ഫോൺ
.അവൾ
സന്തോഷം കൊണ്ട് ഓടിച്ചെന്നു
അച്ഛന് ഒരു ഉമ്മ
കൊടുത്തു.അവൾ അത് ആദ്യം
തന്നെ സുഹൃത്തായ ലക്ഷ്മിയെ കാണിച്ചു .ലക്ഷ്മി പറഞ്ഞു 'എടി പുതിയ
ഫോൺ
മേടിച്ചല്ലോ ഇനി ഫേസ്ബുക്കിൽ അക്കൗണ്ട് എടുക്കുന്നില്ലേ 'ഇത് കേട്ട
മീനൂട്ടി 'ലക്ഷ്മി ഫേസ് ബുക്ക് വളരെ അപകടമാണെന്ന പറയുന്നേ എനിക്ക്
പേടിയാടി '
'അയ്യേ നമ്മുടെ കൂട്ടത്തിൽ നിനക്ക് മാത്രമേ ഇതൊന്നും ഇല്ലാതെയുള്ളു
.ഇതൊക്കെ
ഇല്ലാതെ എന്തു രസാടി 'ലക്ഷ്മിയുടെ ഈ വാക്കുകൾ മീനൂട്ടിയെ ഫേസ്
ബുക്ക്
ഉപയോഗിക്കാൻ പ്രേരിപ്പിച്ചു .അവൾ അത് ഉപയോഗിക്കാൻ തുടങ്ങി .
'കുറച്ചു മാസങ്ങൾക്ക് ശേഷം മീനൂട്ടി ഇപ്പോഴും ഫോണിലാണ് 'എന്റെ
മീനു നീ അതൊന്നു താഴത്തു വയ്ക്കുമോ 'ഇപ്പോൾ ഇതാണ് അമ്മയുടെ
സ്ഥിരം പല്ലവി .മീനൂട്ടി ഇപ്പോൾ ഒരു പ്രണയത്തിൽ ആണ് .ഫേസ്
ബൂക്കിലൂടെ
പരിചയപ്പെട്ട ഒരു സുഹൃത് .അവന്റെ പേര് അർജുൻ .ഇന്നവൾക്ക് അവൻ
ഇല്ലാതെ ജീവിക്കാൻ പറ്റുന്നില്ല .ആദ്യമൊക്കെ അവന്റെ മെസ്സേജ് അവൾ
ഒരു
ശല്യമായാണ് കണ്ടിരുന്നത് .എന്നാൽ ഇന്ന് അവനാണ് അവൾക്ക് എല്ലാം
ഒരു ദിവസം രാവിലെ മീനൂട്ടിയുടെ ഫോണിൽ വന്ന മെസ്സേജ്
അവളെ വല്ലാതെ അലട്ടി .അർജുന്റെ മെസ്സേജ് ആയിരുന്നു അത് .
നാളെ അവന്റെ കൂടെ ഇറങ്ങി ചെല്ലണമെന്ന് ആയിരുന്നു ആ മെസ്സേജ്
അല്ലെങ്കിൽ ജീവിതത്തിൽ ഒരിക്കലും അവർക്ക് ഒരുമിക്കാൻ കഴിയില്ല .
തീരുമാനത്തിൽ
എത്തി .പോകാം എന്ന് അവൾ തീരുമാനിച്ചു .അവൾ അന്ന് രാത്രി
അവൻ പറഞ്ഞ സ്ഥലത്തെത്തി .പിറ്റേന്ന് രാവിലെ മീനൂട്ടിയെ കാണാതെ

അവളുടെ 'അമ്മ അലമുറയിട്ടു കരഞ്ഞു .അവർ പോലീസ് സ്റ്റേഷനിൽ പരാതി നൽകി .മൂന്ന് മാസങ്ങൾക്ക് ശേഷം മീനൂട്ടിയുടെ അച്ഛന് പോലീസ് സ്റ്റേഷനിൽ നിന്ന് ഒരു ഫോൺ കോൾ വന്നു .'നിങ്ങളുടെ മകൾ തമിഴ്നാട്ടിലെ ഒരു ഹോസ്പിറ്റലിൽ ഉണ്ട് .ഈ വിവരം കേട്ട വാസുദേവനും സുമതിയും ഹോസ്പിറ്റലിൽ എത്തിയപ്പോൾ കണ്ടത് മാനസിക നില തെറ്റിയ അവരുടെ

മീനുട്ടിയെ ആണ് .അവൾ ചെന്നു പെട്ടത് വലിയ ഒരു റാക്കറ്റിൽ ആണെന്നും അവിടെ അവളെ പലതിനും അവർ ഉപയോഗിച്ചെന്നും ഹോസ്പിറ്റൽ അധികൃതരാൽ
വാസുദേവനും സുമതിയും അറിഞ്ഞു .അവർ അവളെയും കൊണ്ട് നാട്ടിലെത്തി ,
എന്നാൽ നാട്ടുകാരുടെ പരിഹാസവും അപമാനവും താങ്ങാനാവാതെ വാസുദേവനും കുടുംബത്തിനും ആ നാട് വിടേണ്ടി വന്നു .ആറ്റുനോറ്റു വളർത്തിയ മകളെക്കുറിച്ച് അവർക്ക് ഒരുപാട് പ്രേതീക്ഷകൾ ആയിരുന്നു . എന്നാൽ ഇന്ന് ആ മകൾ ദിനചര്യ പോലും സ്വന്തമായി ചെയ്യാൻ കഴിയാതെ ജീവിക്കുന്നു. ആ മാതാപിതാക്കളുടെ കണ്ണുനീർ തോരാത്തെയും .

***PARVTHYBIJU***

# ഇന്നലെകൾ

പോയ  കാലം
അവ എത്ര മധുരം
തിരികെ ലഭിക്കാത്ത ആകാലം
മധുരം   ആകാലം
നേടിയവയുടെയും നഷ്ടപ്പെട്ടവയുടെയും തൂക്കം നോക്കുമ്പോൾ
മുൻതൂക്കം എന്നും നഷ്ടത്തിന്
അവയിൽ ഏറ്റവും വലിയനഷ്ടം
അവയാണ് ഇന്നലെകൾ
എൻ അമ്മ തന്ന സ്നേഹം
അവ ഇന്നലെകളിൽ മാഞ്ഞുപോയി
എൻ അച്ഛൻ തന്ന ലാളന
അവ ഇന്നലെകളിൽ മാഞ്ഞുപോയി
ഇന്നും കൊതിക്കുന്നു ഞാൻ
ആ ഇന്നലെകൾക്കായി.



KTISHNENDU K K

കരളു വറ്റി കടന്നു പോയീ കാലവും
കാലം ഊറ്റി കുടിപ്പും രൗദ്രങ്ങളും
നാം കണ്ട ലോകത്
നിർമ്മലതയും സ്നേഹവും ഇന്നില്ല,
അവ ഇന്നലെകളിൽ മാഞ്ഞുപോയീ
ഇന്ന് ഈ വിജനവീഥിയിൽ ഞാൻ
ഇന്നലെകളായി മാത്രം ജീവിക്കുന്നു ........
ഇന്നലെകളായി മാത്രം ജീവിക്കുന്നു ........

# ഉപന്യാസം

വിശ്വാസം ഒരു മനുഷ്യനെ ആശ്രയി ചിരിക്കുന്ന ഒന്നാണ് .ഒരു മാനുഷ്യ നോട് നാം തന്റെ തയ സ്വകാര്യ ങ്ങൾ പറയന്നു .തൻ പറയുന്ന കാര്യാങ്ങൾ മറ്റുള്ളവരോട് പറയില്ല എന്ന വിശവാസത്തിൽ മാത്രമാണ് നമ്മൾ മനസുതുറക്കുക .വിശ്വാസം പല പലതരത്തിൽ ഒണ്ടു .ആചാരത്തിൽ വിശ്വസിക്കുന്നവർ ഒരു മനുഷ്യനെ വിശ്വസിക്കുന്നവവർ അങ്ങനെ ഒട്ടനവധി .മനുഷ്യന്റ പുരോജാതിക്കുന്നവർ വിശ്വാസം പുരരോ ഗേമിക്കുന്നു വിശവാസത്തിനു അനുസരിച്ചു മന്ത്രവാദികളും ഇന്നത്തെകാലത്തു ക്രൂരമാകുന്നു പണത്തിനുവെണ്ടി ആൾമാറാട്ടം വരെ നടത്തുന്നവവർ ഒണ്ടു മറ്റു മനുഷ്യർ വിശവാസത്തിന്റെ പുറത്തു അ ചതിയിൽ പട്ടു പോകും ഒരാളുടെ ദഹ്ത് മാനസിക രോഗം വന്നാൽ വരും വിശവാസത്തിഎന്റ പുറത്തു മാതരം അയാളുടെ ദഹ്ത് ബത്ത കയറി യതാണ് എന്നുപറയും ദുര്മന്ത്രവാദിയകൊണ്ടു ഉപദ്രവിക്കും .ചികിത്സയ്ക്കും ദേതാമാക്കും രോഗം ഒരു മനുഷ്യനെ യഥാർഥ മനസികരോഗിയാക്കും ന്ന് 10 വയസിൽ മുകളിൽ തുട ങ്ങി60 വയസു വരാനുള്ള സ്ത്രീകൾക്ക് ശബരിമലയിൽ കയറാൻ പാടില്ല എന്ന നിയമനം പണ്ട് കാലം മുതൽ ആചരിച്ചു വരുന്നു ഒന്നാണ് അത് ഒരു തരാം വിശ്ശ്വസമാണ് .അ വിശവാസത്തിനു എതിരാ പ്രവർത്തിച്ച സ്ത്രീകൾ ഇന്ന് ഇ സമൂഹത്തിയിൽ ഒണ്ടു .ശ്രീ ധര്മ ശാസ്താവ് ഒരു ബ്രഹ്മചാരിയാണ് ശബരിമലയില്കയറിയവർ പലരും അന്യ മത ക്കാരന് ഒരു ജാതി ഒരു മതം ഒരു ദീവാൻ മനുഷ്യന് ഇതും വിശവസം തന്നയുമാണ് .ഒരു ദൈവം കൂടിയിരിക്കുന്നത് തീർച്ചായാലും അ യാളുട മനസിലാണ് .അ വിശ്വാസം തീർച്ചയായും മറ്റുള്ളവരുടെ വിശ്വാസത്തിൽ കോട്ടം തട്ടി കിടക്കുന്നു

.ശബരിമലയിലെ സ്ത്രീകൾ കയറിയാൽ മറ്റുള്ളവരുടെ വിശ്വാസം അവിടെ തീരും .ചിലർ പ്രതിഷേധിക്കുന്നത് ശബരിമലയിൽ കയറണം എന്ന് പറിച്ചു എന്നാൽ മറ്റു ചിലർ അ ത്തിനു തികച്ചു എതിരാണ് അ തുകൊണ്ടു തന്ന വിശ്വാസം ഒരു മനുഷ്യാന ആശ്രയിച്ചിരിക്കുന്നു എന്നത് ഇതിനൊരു തെളിവാണ് .വിശ്വൻ എന്നത് മുന്ന് അഷ്കാരത്തി ഒതുങ്ങന്നതല്ല.അത് ഒരു ലോകം തന്ന വ്യപിച്ചിരിക്കുന്നതു ഒരുമയുടെ വിശ്വാസം തൻ പൊന്നുപോലെ വളർത്തിയ മക്കൾ വര്ധക്കത്തിൽ ഒരു കുക്കിനെ പോലെ വളർത്തിയ മക്കൾ വാർഡാക്കിയതിയിൽ കൊച്ചിനെ പോലെ സാം രാകിഷി ചു എന്ന ഉറപ്പിലാണ് ,വാർഡാക്കിയതിൽ നിക്ഷേപിക്കപ്പെടുന്നുണ് മക്കളുടെ സ്നേഹം ഇന്നത്ത സമൂഹത്തിയിൽ ഏറിവരുന്ന .പുതിയ പുതിയ വിശവസം നമ്മളീ ജനിക്കുമ്പോൾ മനുഷ്യരും തമ്മിലുള്ള കുറച്ചു കുറച്ചു വരുകയാണ് ഇന്നത്ത സമൂഹത്തിൽ ഏറി വരുകയാനുമാത്രുതം ഏറെ ലഫ്ഹിച്ച തന്റ മക്കൾ പല വിശ്വാസം അ



ചരണനാചാരത്തിടന പുറത്തു മാതാപിതാ കല ഒപെകിഷ്കുന്ന വിശ്വാസത്തിന്റെ പുറത്ത് പലതും ഉപേക്ഷിക്കേണ്ടിവരുമാണ് പുതിയ തലമുറയുടെ പ്രവണത യാണ്. ഇന്നത്തെ സമൂഹത്തെ ഏറ്റവും അധികം കണ്ടു വരുന്നത് വിശ്വാസയോഗ്യമാണ് ഒരാളെ പലകാര്യങ്ങൾ നിർബന്ധിച്ചു ചലിപ്പിക്കുന്നു മാനസിക സങ്കര്ഷമുണ്; ഒരാൾ ഉപദ്രവിക്കുന്ന കൗട്ടത്തിൽ തന്ന ഉൾപ്പേടുന ആൾകാർ ആണ് .മനുഷ്യർക്കിടയിൽ ശിധിലമായ ക്കൊണ്ടിയിരിക്കുന്നുണ് ഒരു വിഷ്വസ്മാന് ചതി ചതിച്ചതിയൂറ്റാ പൊറത്തു ഭർത്താവു തന്റെ ഭാര്യ പോലും ഉപേക്ഷിക്കുന്ന . ഇന്നത്തെ കാലത്തു ''വിശ്വാസവും മനുഷ്യ പോരോ ജാതിക്കും '; കാലിക പ്രസക്തി യൗണ്ട്,വിശ്വാസങ്ങൾ പലതുണ്ടങ്കിലും ഇന്നത്തെ തലമുറ അർദ്ധ വിശ്വാസ ങ്ങളിലുംചതിയിൽ പടതയും വിശ്വസിക്കണ്ടത് വിശ്വാസങ്ങളിലി വിസവിക്കുകയും ചെയ്യുക .ദമ്പതീത്യന്റെ അടിസ്ഥാഉന്മ പരസ്പ്പര വിശ്വാസം .അ വിശ്വാസ ത്തിന്റെ പുറത്തു ജീവിതം ഇല്ലാകട്ടെ

SRUTHI MOL

# സംസ്കാരം

സംസ്കാരമെന്ന വാക്കിനു ശുദ്ധീകരണം ,വിദ്യാഭാസം കൊണ്ടും
മാറും .മനസിനുണ്ടാകുന്ന പ്രഭാവം ഗുണനന്ന പദം വിശേഷണത്തെ
പ്രാപിക്കുന്ന സ്ഥിതി പാകപ്പെടുത്തൽ,പൂർത്തിയാക്കാൻ
ശവം അടക്കൽ എന്നിങ്ങനെ നിരവധി അർത്ഥമാണുള്ളത് .
**civilization** എന്ന പദത്തിന് ദേശിയ സംസ്കാരം ,പാരമ്പര്യസംസ്കാരം,
നാടോടിസംസ്കാരം എന്നിങ്ങനെയുള്ള അർത്ഥങ്ങളിൽ
ഉപയോഗിക്കാൻ തുടങ്ങി .പലതരം അർത്ഥതലങ്ങൾ
തമ്മിലുള്ള തുടർച്ചകളും പിടർച്ചകളും പകർച്ചകളും കൊണ്ട് കൈവരുന്ന
സങ്കീർണത സംസ്കാരമെന്ന വാക്കിനു മലയാളത്തിലും
**'culture '**എന്ന വാക്കിന് ഇംഗ്ലീഷിലും സ്വായത്തമായത് .
മനുഷ്യന്റെ പുരോഗതി ,ബുദ്ധികവും കലാപരവുമായ നേട്ടങ്ങൾ
എന്നിവ എവിടെയോ വെച്ച് സന്ധിക്കുന്നുണ്ട് .തങ്ങളുമായും
മറ്റുള്ളവരുമായും സംവദിക്കാൻ സമൂഹം ഉപയോഗിക്കുന്ന
ചീഫ് വ്യവസ്ഥയെ സംസ്കാരം സൂചിപ്പിക്കുന്നുണ്ട് .
സാമ്പ്രദായികരീതിയിൽ സംസ്കാരമെന്നത് ഒരു സമൂഹത്തിന്റെ
ജനതയുടെ ഈടും നേട്ടങ്ങളെയാണ് സൂചിപ്പിക്കുന്നത് .
എഴുത്തിന്റെ പ്രേയോഗങ്ങളിൽ സമഗ്രതയോടെ സമൂഹത്തിൽ
ആവിർഭവിച്ച പ്രത്യയ ശാസ്ത്ര സവിശേഷതകളുടെ നിലപാടുകളെയും
നിയന്ത്രണങ്ങളെയും കാണിച്ചുതരാനും ചരിത്രപരമായി
വിശകലനം ചെയ്യാനും സഹായിക്കുന്നത് സാഹിത്യ രൂപങ്ങളിലാണ് .
ചരിത്രപരവും സാമൂഹികവുമായ നിർമ്മിതിയാണ് സാഹിത്യം .
സാമൂഹികവർഗ്ഗങ്ങളെയും സ്ഥാപനങ്ങളെയും സ്വീകരിച്ചു കാണിച്ചു
തരാൻ ഇവക്ക് കഴിയുന്നു .'മാർക്ക്സിസം ആന്റ് ലിറ്ററേച്ചർ 'എന്ന
പുസ്തകത്തിൽ
സാഹിത്യ സിദ്ധാന്തം വിവരിക്കുന്ന ഭാഗത്തു റെയ്മണ്ട് വില്യംസ്
എഴുത്തിന്റെ രണ്ട് സവിശേഷതകളെ എടുത്ത് കാണിക്കുന്നു .
ഭാഷയെ വസ്തുവൽക്കരിച്ചു കൊണ്ട് ഭൗതികവും സവിശേഷവുമായ
രചനാപ്രയോഗമാണത് .അതായത് എഴുത്ത് ചില അടയാളങ്ങൾ
മാത്രമാണ് എഴുത്തു കാരനും വായനക്കാരനും തമ്മിലുള്ള ബന്ധമാണ് .
അതിനെ ഭൗതികമായി രേഖപ്പെടുത്തുന്നത് .എഴുത്തിന്റെ ബഹുലീകരണ -
ശേഷിയാണ് മറ്റൊരു സവിശേഷത .സാഹിത്യപഠനങ്ങളിൽ

പ്രതിഭ ,ഭാവന ,അനുഭവം മുതലായ വാക്കുകകൾ വാക്കുകൾ ആവർത്തിച്ചു വരാറുണ്ട് .ഭാഷാകേന്ദ്രിതമായ സാഹിത്യസങ്കല്പത്തിൽ ശബ്ദ വിന്യാസത്തിന്റെ അതിശയകരമായ സാധ്യതകളിൽ നിന്നുയിർകൊള്ളുന്നതാണ് സാഹിത്യം .വൈയക്തികവും സാമൂഹികവുമായ അനുഭവങ്ങളുടെ സംങ്കീർണ്ണമായ സാക്ഷാത്കാരമെന്ന നിലയിൽ സാഹിത്യത്തെ അറിയാൻ ശിക്ഷണം ,ഭാവന ,സംവേദനശക്തി, ഭാഷ വൈദഗ്ധ്യം എന്നിങ്ങനെ പലതും ഒത്തിണങ്ങേണ്ടതായി വരുന്നു . ഇത് സാഹിത്യമെന്ന സംവർഗ്ഗത്തെ നിഗൂഢ വത്കരിക്കുന്നു .സ്ഥാപനങ്ങളിലും
ആചാരങ്ങളിലും കുടുംബസമരണകളിലും ഒക്കെയുള്ള അനുഭവങ്ങളെ വേർതിരിച്ചു മാറ്റിയെടുക്കാൻ കഴിഞ്ഞാൽ സാഹിത്യത്തിന്റേതായി പറയുന്ന മൂല്യങ്ങളുടെ മൊത്തം വിപണി പോളിയും .
ഭൗതികമായ വ്യവസ്ഥസ്കുളും പ്രവർത്തന രീതികളും മാറുന്നതിനനുസരിച്ചു
ഭാഷയും സംസ്കാരവും മാറും,അതോടെ സാഹിത്യ കൃതികളും മാറും, അത് കൊണ്ട് തന്നെ സാഹിത്യകൃതികളുടെ സ്വത്തുക്കൾ ഭൗതിക പരിസരങ്ങളുടെ നിർമ്മിതികളാണ്.
ശവം അടക്കൽ എന്നിങ്ങനെ നിരവധി അർത്ഥമാണുള്ളത് .
civilization എന്ന പദത്തിന് ദേശിയ സംസ്കാരം ,പാരമ്പര്യസംസ്കാരം, നാടോടിസംസ്കാരം എന്നിങ്ങനെയുള്ള അർത്ഥങ്ങളിൽ ഉപയോഗിക്കാൻ തുടങ്ങി .പലതരം അർത്ഥതലങ്ങൾ തമ്മിലുള്ള തുടർച്ചകളും പിടർച്ചകളും പകർച്ചകളും കൊണ്ട് കൈവരുന്ന സങ്കീർണത സംസ്കാരമെന്ന വാക്കിനു മലയാളത്തിലും 'culture 'എന്ന വാക്കിന് ഇംഗ്ലീഷിലും സ്വായത്തമായത് .
മനുഷ്യന്റെ പുരോഗതി , ബൗദ്ധികവും കലാപരവുമായ നേട്ടങ്ങൾ എന്നിവ എവിടെയോ വെച്ച് സന്ധിക്കുന്നുണ്ട് .തങ്ങളുമായും മറ്റുള്ളവരുമായും സംവദിക്കാൻ സമൂഹം ഉപയോഗിക്കുന്ന ചിഹ്ന വ്യവസ്ഥയെ സംസ്കാരം സൂചിപ്പിക്കുന്നുണ്ട് .
സാമ്പ്രദായികരീതിയിൽ സംസ്കാരമെന്നത് ഒരു സമൂഹത്തിന്റെ ജനതയുടെ ഈടും നേട്ടങ്ങളെയാണ് സൂചിപ്പിക്കുന്നത് .
എഴുത്തിന്റെ പ്രേയോഗങ്ങളിൽ സമഗ്രതയോടെ സമൂഹത്തിൽ ആവിർഭവിച്ച പ്രത്യയ ശാസ്ത്ര സവിശേഷതകളുടെ നിലപാടുകളെയും നിയന്ത്രണങ്ങളെയും കാണിച്ചുതരാനും ചരിത്രപരമായി വിശകലനം ചെയ്യാനും സഹായിക്കുന്നത് സാഹിത്യ രൂപങ്ങളിലാണ് . ചരിത്രപരവും സാമൂഹികവുമായ നിർമ്മിതിയാണ് സാഹിത്യം .

REMYA
TEACHER

# പച്ചക്കറിത്തോട്ടം



പ്രിയ  പ്പെട്ട കൂട്ടുകാരെ,
കൃഷിയെക്കുറിച്ചും ഭക്ഷണത്തെകുറിച്ചുമെല്ലാം ഒട്ടേറെ കാര്യങ്ങൾ കൂട്ടുകാർക്ക് പഠിക്കാനുണ്ട്.കൃഷി നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാന ശിലയാണ്.കൃഷി ചെയ്തെങ്കിലെ ഭക്ഷണമുള്ളൂ,ഭക്ഷണമുണ്ടെങ്കിലേ ജീവിതമുള്ളൂ എന്നറിയുമ്പോൾ കൃഷിക്കുള്ള സാമൂഹ്യ പ്രാദാന്യം എത്ര മാത്രമാണ് എന്ന് ഊഹിക്കാവുന്നതേയുള്ളൂ.
പ്രകൃതിയും മനുഷ്യരും തമ്മിലുള്ള ജൈവബന്ധം ഓർമിക്കുക.നമ്മളുടെ ഭാവി നമ്മളുടെ കൈകളിലാണ്.ആർത്തി പെരുത്ത മനുഷ്യർ ചെയ്യുന്ന പ്രവൃത്തി,
ജീവന്റെ സാന്നിധ്യമുള്ള ഏകാഗ്രമായ ഭൂമിയിൽ നിന്ന് അത് ഇല്ലാതാക്കിയേക്കും.വർഷങ്ങൾക്കുള്ളിൽ ആയിരക്കണക്കിന് സ്പീഷ്യസുകൾ ഈ ഭൂമുഖത്തുനിന്നു
ഇല്ലാതാകുമത്രെ.ഈ വിപത്ത് മുന്നിൽ കണ്ട് കൊണ്ട് ഉണർന്ന് പ്രവർത്തിക്കുക.പ്രകൃതിയെ സ്നേഹിക്കുക പരിപാലിക്കുക.

സ്കൂളിലെ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള നിരന്തരമായ കാർഷിക പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടത്.സ്കൂളിൽ ഇതിനു ഒരു ക്ലബ്ബ് പ്രവർത്തിക്കണം.ആ ക്ലബ്ബിന്റെ കമ്മറ്റിയിൽ എല്ലാ ക്ലാസുകളിലെയും പ്രതിനിധികൾ ഉണ്ടാകണം അവർ ഒരുമിച്ചിരുന്നു പരിപാടികൾ ആസൂത്രണം ചെയ്യണം.അതിന്റെ അടിസ്ഥാനത്തിൽ ഓരോ ക്ലാസ് പ്രതിനിധി ക്ലാസ്സിൽ പരിപാടി അവതരിപ്പിച്ചു ചർച്ചചെയ്തു വേണ്ട മാറ്റങ്ങൾ വരുത്തി നടപ്പിലാക്കണം.

അദ്ധ്യാപകർ,പി.ടി.എ ഭാരവാഹികൾ എന്നിവരുമായി ആലോചിക്കൂ കൃഷി ഭവനിൽനിന്നും പഞ്ചായത്ത് അധികൃതരിൽ നിന്നും സാങ്കേതികവും സാമ്പത്തികവും ലഭിക്കും.നടീലവസ്തുക്കൾ,വളങ്ങൾ,മറ്റു പരിചരണ പാഠങ്ങൾ എല്ലാം ഇവർ വഴി കണ്ടത്താനാകും.കാർഷിക ഗ്രൂപ്പുകളുടെ സന്നദ്ധസംഘടനകളുടെയും സഹായം തേടാം.

**ADARSH S**

# ഔഷധസസ്യങ്ങൾ



പനിക്കൂർക്ക

പനിക് ഉപയോഗിക്കുന്നു, ആവിപിടിക്കാൻ ഉപയോഗിക്കുന്നു,
കുട്ടികൾക്ക് വെള്ളത്തിൽ തിരുമി കുളിക്കാൻ ഉപയോഗിക്കുന്നു.



എരിക്ക്
നടുവേദനക്ക് ഉപയോഗിക്കുന്നു.
മുട്ടുവേദനക്ക് ഉപയോഗിക്കുന്നു.



നെലംപാര
ഔഷധ കഞ്ഞിക്ക്.




തൃത്താവ്
ആവി പിടിക്കാൻ ഉപയോഗിക്കുന്നു.



കൊടങ്ങൾ
ബുദ്ധിയുണ്ടാകാൻ ഉപയോഗിക്കുന്നു, കുട്ടികൾക്ക് വളരെ നല്ലതാണ്.



തുളസി
മുറിവിന് പിഴിഞ്ഞ് ഉപയോഗിക്കുന്നു, ആവി പിടിക്കാൻ ഉപയോഗിക്കുന്നു.



തുമ്പ

തലനീര് ഇറങ്ങുന്നതിന് നല്ലതാണ്. കൊതുകിന്റെ ശല്യം കുറക്കാൻ ഉപയോഗിക്കുന്നു.



ഫാഷൻ ഫ്രൂട്ട്

കൊളസ്ട്രോളിനും പ്രമേഹത്തിനും നല്ലതാണ്.



കയ്യെണ്ണ
എണ്ണകാച്ചി തലയിൽ തേച്ചാൽ മുടി വളരും.




ആര്യവേപ്പ്
അണുനാശിനിയാണ്.

ASWINKUMAR

# Cartoon



വായിക്കാൻ അറിയാത്തതിനാൽ മിക്കുവിന്റെ അമ്മയെ വിളിച്ചു വരുത്തുന്ന ടീച്ചർ.
എന്താടീച്ചറെ എന്നെ വിളിച്ചത്
നിങ്ങളുടെ മോന് ഒന്നും വായിക്കാൻ അറിയില്ല.
ഹോ പണി കിട്ടി
മിക്കുവിനെയും വിളിച്ചുകൊണ്ട് വീട്ടിലെത്തുന്ന അമ്മ.
അമ്മേ എനിക്ക് വായിക്കാനറിയില്ല അമ്മേ എന്നെ പഠിപ്പിക്കുമോ.
ശരി ശ്രദ്ധിച്ച് പഠിക്കണം


രാത്രിയിൽ മിക്കുവിനെ പഠിപ്പിക്കുന്ന അമ്മ.
അമ്മേ ഞാൻ ഉറങ്ങാ.
പിറ്റേന്ന് ക്ലാസിൽ ഉറങ്ങുന്ന മിക്കു.
മിക്കു stand up വായിക്കൂ




**സന്ദേശം ;മാതാപിതാക്കൾ കുട്ടികളെ വീട്ടിലിരുത്തി പഠിപ്പിക്കണം**



**UNNIKRISHNAN**

## ജീവിതത്തിന്നിഴൽപ്പാടുകൾ

ജീവിതമാകുന്നസാഗരങ്ങളിൽഅലതല്ലും
തീരങ്ങൾക്കുമുണ്ട്കഥപറയാൻ
ഒർത്യജന്മജീവതത്തിൻനിഴലുകൾ
കാലംമായ്ക്കാത്തൊരോർമ്മകളല്ലേ

ഈജന്മമുഴവനുംഓർമകളിൽമാഴാതെ
ജയപരാജയങ്ങൾമാറിവരുന്നു
ജയമോസുഖംനൽകുംമനസ്സിന്നാശ്വാസമേകും
പരാജയംനൽകുംദു:ഖംമാത്രം

തോൽവികൾജീവതത്തിൽതൊമ്പരങ്ങൾമാത്രമല്ല
ജീവിതജയത്തിൻനേർവഴികാട്ടികളാണ്
തോൽവിയിലൂടെയുംചെറിയദു:ഖങ്ങൾപോലും

ഭാവിയിൽവൻവിജയങ്ങൾക്കൊരുമാതൃകയാക്കാം



ALANSHAJI

# തോറ്റവരുടെ കൂടാരം

ജീവിതത്തിൽ പലപ്പോഴായ് നാം തോറ്റിരിക്കാം,
പരീക്ഷയാവാം സൗഹൃദത്തിലാവാം
ജീവിതത്തിലാവാം ....!!!!!!!
പരീക്ഷയിലോ എപ്പഴും വിജയം കൈവരിക്കുന്നതും
നന്നല്ല,എപ്പോഴും തോൽക്കുന്നതും നന്നല്ലാ....
പരീക്ഷയിൽ തോറ്റാൽ അവയെ മറികടന്നു
വിജയിക്കുന്നതാണുത്തമം.....
സൗഹൃദത്തിലൊരു  വിള്ളലുണ്ടാകുമ്പോൾ
അതു തോല്വിയായാനു ഭവപ്പെടുമ്പോൾ
ജീവിതത്തിലോ പാഠപുസ്തകമാണ് തോൽവി.
ജീവിതത്തിലോ,സൗഹൃദത്തിലോ,പരീക്ഷയിലോ
തോല്വിയുണ്ടാകുമ്പോൾ,അവയെ മറികടന്നു
വിജയം കൈവരിക്കാനൊരൂർജ്ജമാണ് തോൽവി.
ജീവിതത്തിൽ പലപ്പോഴായി തോറ്റവരെ
തോറ്റവരുടെ കൂടാരമായി നാടുകണക്കാക്കുന്നു.
ഒരു പച്ച മനുഷ്യന്റെ ജീവിതം........
ഒരു പച്ച മനുഷ്യന്റെ ജീവിതം വിജയത്താൽ
ശബളമല്ല ......
തോൽവിയും വിജയവുമായൊരു
മിശ്രണമാണൊരു
മനുഷ്യന്റെ ജീവിതം......
തോൽവിയും വിജയവുമായൊരു
മിശ്രണമാണേതൊരു
മനുഷ്യന്റെ ജീവിതവും.......




തോല്വിയതേതൊരു മനുഷ്യന്റെ ജീവിതത്തിലുമുണ്ടാകും,
അവയെ ചിരിച്ചുകൊണ്ട് നേരിടുന്നതാണുത്തമം.
ഏതൊരു മനുഷ്യന്റെ ജീവിതത്തിലെ തോൽവി-
യാണവനെ മുന്നിലെത്തിക്കുന്നത്...
അവനെ മുന്നിലെത്തണമെന്നു തോന്നലുണ്ടാക്കുന്നത്.
തോറ്റവരുടെ കൂടാരമെന്നു നാട് പച്ചകുത്തിയ-
വരുടെ ജീവിതത്തിലുമുണ്ടാകുമൊരു
വിജയം.....
ജീവിതത്തിൽ മുന്നേറാനൊരു പാഠപുസ്തകമാണ്
തോൽവി... പാഠപുസ്തകമാണു തോൽവി.....

**SELMASYMBOL**

# പിൻവിളി


ഹൃദയത്തിൻ ഭണ്ഡാര കെട്ടിൽ നിന്നും
നീ എൻ വർണ്ണച്ചെപ്പാൽ കവർന്നുവെന്നോ....
കാതരയായ് ഞാൻ ചൊല്ലിയ കാവ്യം നിൻ
കാതിലെ മഴയായ് തിമിർത്തു പെയ്തൊ ......

എൻ ഓല വാതിലിൽ ചാരത്തു വന്നു
നീ ആകെ കുതിർന്നു നിന്നുവെന്നോ
പറയാതെ പറയുന്ന മുറിയുന്ന വാക്കുകൾ
നിൻ അധരം ചുംബിച്ചു നിന്നുവെന്നോ

ആ ചെറു പുല്ലാങ്കുഴലിന്റെ ഈണമി-
ന്നെന്റെ രാവിനെ പുല്കിനിന്നു
ഏതോ ഒരജ്ഞാത ലോകത്തിലെന്ന
പോൽ എല്ലാം മറന്നു ഞാൻ നിന്നുപോയി ....

ഒരു മഞ്ഞുതുള്ളിയാണിന്നു നിൻ
പ്രണയമെന്ന് മെല്ലവേ ഞാൻ ഓർത്തുനിന്നു
അന്നെന്റെ പുസ്തക താളിലെ അക്ഷര
പൊട്ടുകൾ നിന്നുടെത്തവൻ കൊതിച്ചുനിന്നു

എൻ കൺപീലി പറയുന്ന കഥകൾ കേൾക്കാതെ
എന്തിനോ നീ പോയ് മറഞ്ഞതല്ലേ
ഞാൻ തനിച്ചാണെന്നറിഞ്ഞിട്ടും
എന്തേ നീ എന്നെ വിളിച്ചതില്ല......



ARAYA TEACHAER

# വിശ്വാസവും മനുഷ്യപുരോഗതിയും

മനുഷ്യപുരോഗതിയുടെ നിർണയത്തിന് വിശ്വാസങ്ങൾക്കും പങ്കുണ്ട്.പല മനുഷ്യർക്കും പല വിശ്വാസങ്ങളാണ്.മനുഷ്യജീവിതങ്ങൾക്കിടയിൽ നിലനിൽക്കുന്ന വിശ്വാസങ്ങൾ വൈവിധ്യം നിറഞ്ഞവയാണ്.വിശ്വാസം പല തരമുണ്ട്.അന്തവിശ്വാസങ്ങൾ വളരെയധികം പ്രധാനപെട്ടതാണ്.കാലം മാറിവരുന്നതനുസരിച്ച് മനുഷ്യർക്കിടയിൽ വിശ്വാസങ്ങൾ അന്യംനിന്നുപോകുന്നു.പാരമ്പരാഗതമായി നിലനിന്നുപോന്ന വിശ്വാസങ്ങൾ,ഇന്നത്തെ തലമുറയിൽ സ്വാദീനം ചെലുത്തുന്നില്ല.ആ വിശ്വാസങ്ങൾക്ക് അവർ പ്രാധാന്യം കൽപ്പിക്കുന്നല്ല.വിശ്വാസങ്ങൾക്ക് മനുഷ്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനങ്ങൾ,അത് മൂലമുകങ്ങാകുന്ന മാറ്റങ്ങൾ എന്നിവ ഇതിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു.

മനുഷ്യർ എന്തെങ്കിലും കാര്യം സാധിക്കാനായി കഠിനമായ പരിശ്രമം നടത്തുന്നു.ആ പരിശ്രമത്തിന്റെ ഫലം നിരാശയാണെന്നാണ് അവൻ വിശ്വസിക്കുന്നതെങ്കിൽ അവന് ആത്മവിശ്വാസമില്ല എന്ന് മനസ്സിലാക്കാം - മറിച്ച് ഒരു കാര്യം ചെയ്യുമ്പോൾ അതിൽ വിജയിക്കും എന്ന് ഉറപ്പിച്ചെങ്കിൽ അവൻ ആത്മവിസ്വാസമുള്ളവനാണ്. ദൈവത്തെ വിശ്വസിക്കുന്നവരും അവിശ്വസിക്കുന്നവരും സമൂഹത്തിലുണ്ട്.നിരീശ്വരവാദികൾ അവർക്കുണ്ടാകുന്ന അനുഭവങ്ങളിൽ നിന്ന് ഈശ്വരവിശ്വസികളായിമാറുന്നു.അത്തരം സംഭവങ്ങൾ യാദൃശ്ചികമായും അല്ലാതെയും സമൂഹത്തിൽ പരസ്പരം വിശ്വാസമെന്നത് അപൂർവമായ ഒന്നാണ്.ഇന്ന് ആർക്കും ആരെയും വിശ്വസിക്കാൻ പറ്റാത്ത കാലമാണ്.ഇന്ന്

സമൂഹത്തിൽ നടക്കുന്നകാര്യങ്ങൾ അതിനു തെളിവാണ്.പെൺകുട്ടികളാണ് കൂടുതലും ചതിയിൽ പെടുന്നത്.പരസ്പരവിശ്വാസമില്ലായിമയാണ് ഇതിന് പ്രധാനകാരണം.സമൂഹത്തിൽ നടക്കുന്ന വിവേകരഹിതമായ പ്രവർത്തനങ്ങൾക്ക് പ്രധാന കാരണം വിശ്വാസമില്ലായിമയാണ്.ഇന്നത്തെ കലാത്ത് സ്വന്തം അച്ഛനെപ്പോലും വിശ്വസിക്കാൻ സാധിക്കില്ല. ഇന്നിന്റെ സമൂഹത്തിൽ നടക്കുന്ന അനീതിയുള്ള പ്രവർത്തനങ്ങൾ പത്രങ്ങളിലൂടെ അറിയാൻ സാധിക്കും സമൂഹത്തിൽ നടക്കുന്ന ഇത്തരം നീചമായ പ്രവർത്തികൾക്ക് ഒരു അവസാനം ഉണ്ടാകണമെകിൽ പരസ്പരവിശ്വസമുണ്ടാകണം .അച്ഛനും അമ്മയും സാഹോദരങ്ങളും അടങ്ങിയ കുടുംബത്തെക്കുറിച്ച് ചിന്തയുണ്ടാവണം.മാതാപിതാക്കളെ ബഹുമാനിക്കണം,സ്നേഹിക്കണം,അവരെ വിശ്വസിച്ച് വളരണം




.സഹോദരസ്നേഹം ഉണ്ടാകണം.അച്ഛനമ്മമാരെയും അവർ പകർന്നുനൽകിയ സ്നേഹവും സഹോദരസ്നേഹവും മാത്രം മതി ഒരു നല്ല വ്യക്തിയെ പരസ്പരവിശ്വസവും സ്നേഹവുമുള്ളവനാക്കി മാറ്റാൻ ഇങ്ങനെയുള്ള വ്യക്തികളെ ആവശ്യമുള്ളൂ.




DEVIKASAIJU




By- Abhishek.A



Sreelakshmi C.P Std: VIII A


Akhil.S
Std: VIII A



***YETHUKRISHNAN***

# നന്ദി